ആളുകളെ കസ്റ്റഡിയിൽ എടുത്തശേഷം ദിവസങ്ങൾ കഴിഞ്ഞ് അറസ്റ്റ് രേഖപ്പെടുത്തുന്ന നടപടി

195 (2065) ശ്രീ. എളമരം കരീം :
ശ്രീമതി കെ. എസ്. സലീഖ :
ശ്രീ. കെ. കെ. നാരായണൻ :
ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആളുകളെ കസ്റ്റഡിയിൽ എടുത്ത ശേഷം ദിവസങ്ങൾ കഴിഞ്ഞ് അറസ്റ്റ് രേഖപ്പെടുത്തുന്ന നടപടി അവസാനിപ്പിക്കാൻ സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ ആവശ്യപ്പെടുകയുണ്ടായോ ;

(ബി) പ്രസ്തുത നിർദ്ദേശത്തിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ; ഇത്തരത്തിൽ നിർദ്ദേശം നൽകാനിടയായ സാഹചര്യം ഇപ്പോഴും പോലീസ് സ്റ്റേഷനുകളിൽ നിലനിൽക്കുന്നതായി അറിയാമോ ;

(സി) ഏതൊരാളേയും അറസ്റ്റ് ചെയ്യുമ്പോൾ പാലിക്കേണ്ടതായ സുപ്രീം കോടതി നിർദ്ദേശങ്ങൾ സംസ്ഥാനത്ത് വ്യാപകമായി ലംഘിക്കപ്പെടുന്നതായി അറിയാമോ ; സുപ്രീം കോടതി നിർദ്ദേശങ്ങൾ എന്തെല്ലാമായിരുന്നു; അവ കർശനമായി പാലിക്കാൻ നടപടി സ്വീകരിക്കാമോ ; നിർദ്ദേശങ്ങൾ ലംഘിക്കപ്പെട്ടതായ എത്ര പരാതികൾ ഈ സർക്കാരിന്റെ കാലത്ത് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട് ?

ഉത്തരം

(എ&ബി) ബഹു. മനുഷ്യാവകാശ കമ്മീഷനിൽ നിന്നും ഇത്തരത്തിൽ നിർദ്ദേശങ്ങളൊന്നും ലഭിച്ചിട്ടില്ല. എന്നാൽ അറസ്റ്റ് സംബന്ധിച്ച ബഹു. സുപ്രീം കോടതി നിർദ്ദേശങ്ങൾ പാലിക്കണമെന്ന് കമ്മീഷൻ ശിപാർശ ചെയ്തിട്ടുണ്ട്. കസ്റ്റഡിയിൽ എടുക്കുന്നയാളെ നിയമാനുസരണം 24 മണിക്കൂറിനുള്ളിൽ കോടതിയിൽ ഹാജരാക്കി വരുന്നു. ദിവസങ്ങൾ കഴിഞ്ഞ് അറസ്റ്റ് രേഖപ്പെടുത്തുന്നതായ നടപടികൾ ശ്രദ്ധയിൽപെട്ടിട്ടില്ല.

(സി) അറസ്റ്റ് ചെയ്യുമ്പോൾ പാലിക്കപ്പെടേണ്ട സുപ്രീം കോടതി നിർദ്ദേശങ്ങൾ സംസ്ഥാനത്ത് ലംഘിക്കപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അറസ്റ്റ് സംബന്ധിച്ചുള്ള സുപ്രീംകോടതി നിർദ്ദേശങ്ങൾ ഇതോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്നു. പ്രസ്തുത നിർദ്ദേശങ്ങൾ കർശനമായി പാലിക്കുവാൻ എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകിയിട്ടുള്ളതും, ടി നിർദ്ദേശങ്ങൾ ഈ സർക്കാരിന്റെ കാലത്ത് ലംഘിക്കപ്പെട്ടതായ സംഭവങ്ങളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടുമില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly